പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ --139 30. 09.2011- ലെ മറുപടിക്ക്

## പ്രവാസി മലയാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) നിലവിൽ നടത്തിവരുന്ന ചെയർമാൻ ഫണ്ട്, നോർക്ക തിരിച്ചറിയൽ കാർഡുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്ന ഇൻഷുറൻസ് തുക എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്. "സാന്ത്വന" പദ്ധതി പ്രകാരമുള്ള തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. വിദേശമലയാളികളുടെ ജയിൽമോചനമുൾപ്പെടെയുള്ള നിയമപ്രശ്നങ്ങളിൽ വേണ്ട ഉപദേശം നൽകാനും പരിഹാരനടപടികൾ സ്വീകരിക്കാനുമായി പ്രവാസി ലീഗൽ എയ്ഡ് സെൽ (പ്ലാക്ക്) തുടങ്ങാൻ ആലോചനയുണ്ട്. പ്രവാസി മലയാളികളുടെ നിക്ഷേപം കാര്യക്ഷമമായ വ്യവസായ സംരംഭങ്ങളിലേയ്ക്ക് തിരിച്ചുവിടുന്നതിനും കൂടാതെ അവർക്കുവേണ്ടി സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഒരു ബിസിനസ്സ് സെന്റർ തുടങ്ങുവാൻ ആലോചനയുണ്ട്. |

(ബി) ഇന്ത്യയിൽ ഏതെല്ലാം സംസ്ഥാനങ്ങളിലാണ് നോർക്ക - റൂട്ട്സിന്റെ സാറ്റലൈറ്റ് ഓഫീസുകൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇന്ത്യയിൽ ഡൽഹി, മുംബൈ എന്നിവിടങ്ങളിൽ എൻ. ആർ. കെ. ഡവലപ്പ്മെന്റ് ഓഫീസുകളും. ചെന്നൈ, ബറോഡ എന്നീ സ്ഥലങ്ങളിൽ നോർക്ക – റൂട്ട്സിന്റെ സാറ്റലൈറ്റ് ഓഫീസുകളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം ഭാവിയിൽ സർക്കാരിന്റെ/നോർക്ക – റൂട്ട്സിന്റെ ഡയറക്ടർ ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി വിപുലപ്പെടുത്തുന്നതാണ്.

(സി) പ്രവാസി മലയാളികൾക്ക് നല്കുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് 'സ്മാർട്ട്' കാർഡായി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

(സി) പ്രവാസി മലയാളികൾക്കായി നൽകുന്ന പ്രവാസി തിരിച്ചറിയൽ കാർഡിലെ ഇൻഷുറൻസ് ആനുകൂല്യങ്ങൾ ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. നിലവിലുള്ള കാർഡ് പുതുക്കുന്നവർക്കും പുതിയ തിരിച്ചറിയൽ കാർഡ് എടുക്കുന്നവർക്കും ഉയർന്ന ഇൻഷുറൻസ് പരിധി നൽകി നിലവിലുള്ള 300 രൂപയ്ക്കു തന്നെ കാർഡ് നൽകുന്നതാണ് ഉചിതം എന്നു കണ്ടതിനാൽ സ്മാർട്ട് കാർഡ് ഇപ്പോൾ നൽകേണ്ട ആവശ്യമില്ല എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ